LIBRARY ARCHIVES Kerala Legislative Assembly

വിചാരണ തടവുകാർ

284 (286) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ വിചാരണ തടവുകാർ എത്രയാണ്; ഇതിൽ മൂന്നു മാസത്തിലധികമായി തടവിൽ കഴിയുന്നവർ എത്ര ; ആറ് മാസത്തിലധികമായി തടവിൽ കഴിയുന്നവർ എത്ര ; ഒരു വർഷത്തിലധികമായി തടവിൽ കഴിയുന്നവർ എത്ര ;

(ബി) വിചാരണ തടവുകാരിൽ, കുറ്റക്കാരെന്ന് തെളിഞ്ഞാൽ ലഭിക്കാവുന്ന ശിക്ഷയുടെ പകുതി കാലാവധി പൂർത്തിയാക്കപ്പെട്ടവർ ആരെങ്കിലും ഉണ്ടോ ; എങ്കിൽ ആരൊക്കെ ;

(സി) ഇത്തരക്കാരെ വിട്ടയക്കാൻ സുപ്രീംകോടതി ഉത്തരവിട്ടിട്ടുണ്ടോ ; എങ്കിൽ സുപ്രീംകോടതി വിധിയെ തുടർന്ന് എത്ര പേരെ വിട്ടയക്കുകയുണ്ടായി ; വിട്ടയക്കപ്പെടാൻ അർഹതയുള്ളവർ എത്ര പേരാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 4371 വിചാരണ തടവുകാരുണ്ട്. ഇവരിൽ 3 മാസത്തിൽ അധികമായി 839 പേരും ആറ് മാസത്തിലധികമായി 362 പേരും ഒരു വർഷത്തിൽ അധികമായി 103 പേരും തടവിൽ കഴിയുന്നുണ്ട്.

(ബി) കുറ്റക്കാരെന്ന് തെളിഞ്ഞാൽ ലഭിക്കാവുന്ന ശിക്ഷയുടെ പകുതി കാലാവധി പൂർത്തിയാക്കിയ വിചാരണ തടവുകാർ ആരുംതന്നെ സംസ്ഥാനത്തെ ജയിലുകളിലില്ല.

(സി) ബഹു. സുപ്രീം കോടതിയുടെ ഉത്തരവുണ്ടെങ്കിലും ഇത്തരത്തിലുള്ള വിചാരണ തടവുകാരും കേരളത്തിലെ ജയിലുകളിലില്ല.

ജയിലുകളിലെ അനിഷ്ട സംഭവങ്ങളുടെ വിശദവിവരങ്ങൾ

285 (287) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തടവുകാർക്കിടയിൽ വർഗ്ഗീയവും രാഷ്ട്രീയവുമായ ചേരിതിരിവുകൾ ഉണ്ടാക്കുന്ന ഉദ്യോഗസ്ഥ നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;